# ഗീതാഞ്ജലി

എൽസി യോഹന്നാൻ ശങ്കരത്തിൽ
(Yohannan.elcy@gmail.com

# Geetham 36

***This is my prayer to thee, my lord – strike, strike at the root of penury in my heart.***

***Give me the strength lightly to bear my joys and sorrows.***
***Give me the strength to make my love fruitful in service.***
***Give me the strength never to disown the poor or bend my knees before insolent might .***
***Give me the strength to raise my mind high above daily trifles.***
***And give me the strength to surrender my strength to thy will with love.***

## ഗീതം 36

അറുത്തുമാറ്റിടേണമെന്റെ ഹൃത്തടത്തിനുള്ളിലായ്
നിറഞ്ഞു നിന്നിടുന്ന സർവ്വ പാപചിന്തയും വിഭോ!
കരുത്തു നൽകിടേണമേതു ദുഃഖവും പ്രമോദമായ് –
വരിച്ചിടാനെനിക്കു ശക്തി നൽക നീ ജഗൽപ്രഭോ!

കടുപ്പമുള്ളതാക്കുകെൻ സുഖത്തെയും സമോദമായ്
കടുത്ത ദുഃഖഭാരവും ചിരിച്ചുകൊ□ ു പേറുവാൻ
അതീവനിഷ്ഠയാർന്ന കർമ്മവേദിയാലെ ഭക്തിയെ,
അതിപ്രഫുല്ലമാക്കിടുന്നതിന്നു ശക്തി നൽകുകേ!

മനംനിറഞ്ഞ തൃപ്തിയും കുളിർമ്മയാർന്ന സ്നേഹവും
മനക്കരുന്നിലെന്നുമേ വികാസമാർന്നിടാനുമായ്
മഹത്തരങ്ങളായ പുണ്യകർമ്മ പാതയാർന്നു ഞാൻ
മഹാപ്രഭാവ ദീപ്തിയാൽ ചരിക്കുവാൻ തുണയ്ക്കുകേ!

പ്രശക്തരേ നമിച്ചു വിത്തഹീനരെ പ്പകയ്ക്കുവാൻ
പ്രബല്യരായ വിത്തവ പ്പദാന്തികത്തിൽ വീഴുവാൻ
അശക്തനാക്കുകെന്നെ ദിവ്യശക്തിയാൽ ദിനംദിനം
പ്രബുദ്ധനായുയർന്നു നില്പതിന്നു ധൈര്യമേകുകേ!

എനിക്കിതൊന്നുമാത്രമാണപേക്ഷ യന്ത്യമായിനി
എനിക്കു തൽപ്പദാന്തികേ ശിരസ്സണച്ചു നിൽക്കുവാൻ
എനിക്കുയർന്നു നില്പതിന്നു ധൈര്യമേകിടാനുമായ്
എനിക്കു ശക്തി യേകിയങ്ങു കാത്തിടേണമെൻ പ്രഭോ. !

പ്രഫുല്ലം = വിടർന്ന  പ്രശക്തൻ = ബലവാൻ  വിത്തവൻ= ധനവാൻ
വിത്തഹീനർ = ധനമില്ലാത്തവർ  പ്രബുദ്ധൻ= പണ്ഡിതൻ

# Geetham 37

***I thought my voyage had come to its end at the last limit of my powre, -that the path before me was closed, that provisions were exhausted and the time come out to take shelter in a silent obscurity.***

***But I find that thy will knows no end in me. And when old words die out on the tongue, new melodies break forth from the heart; and where the old tracks are lost, new country is revealed with its wonders.***

## ഗീതം 37

ഇഹത്തിലേഴയാമെനിക്കു ചെയ്തു തീർത്തിടേണ്ടതാം
അഹത്തരങ്ങളാം പ്രവൃത്തിയൊക്കെവേ നിവൃത്തിയായ്:
നിനച്ചിടുന്നു ജീവിതാന്ത്യമെത്തിയെന്നു ഞാനിനീം
അനന്തജീവിതം കൊതിച്ചു കാത്തിടുന്നു ശാന്തമായ്.

അശേഷമില്ല ദൂരമെന്റെ വീഥിയിൽ ചരിച്ചിടാൻ
അശേഷമില്ല ചെയ്തിടേണ്ടതായ കർമ്മമൊന്നുമേ
അശേഷമില്ല ഭോജ്യമെന്റെ പാതയിൽ ഭുജിക്കുവാൻ
നിശേഷവും മുഷിഞ്ഞ ജീർണ്ണ വസ്ത്രമോടെ നിൽപു ഞാൻ.

നിശ്ശബ്ദമായി ശിഷ്ട ജീവിതം കഴിച്ചുകൂട്ടുവാൻ
നിനച്ചു ഞാൻ കഴിഞ്ഞിടുന്നനേരമെന്തു കാൺമിതേ !
ഭവാന്റെ യങ്ങനന്തമായ ലീലയാലെൻ ജീവിതം
നവീനമാക്കി ശക്തമായ ധാരയായൊഴുക്കിടും.

പഴക്കമാർന്ന ശബ്ദമെന്റെ നാവതിൽ നിലയ്ക്കകിൽ
ഉയർന്നിടും  പുതുക്കമാർന്ന ഗാനമെന്റെ ഹൃത്തടേ
പഴക്കമാർന്ന പാതകൾ നീലച്ചിടുന്ന നേരവും
നയിച്ചിടപ്പെടുന്നു ഞാൻ നവീനഭൂവിലേക്കഹോ!